ക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, പുതിയ റേഷൻ കാർഡുകൾ നൽകുന്നത് അതാത് വ്യക്തികൾ അവരുടെ ഡിക്ലറേഷൻ ഫോമുകളിൽ കൊടുക്കുന്ന വിവരം രേഖപ്പെടുത്തിക്കൊണ്ടാണ്. കാർഡുടമകൾ പൂരിപ്പിച്ചുകൊടുക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് പുതിയ റേഷൻ കാർഡുകളിൽ വരുമാനവും മറ്റുവിവരങ്ങളും രേഖപ്പെടുത്തുന്നത്. അങ്ങനെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ വരുമാനം കണക്കാക്കുമ്പോൾ ചിലയാളുകൾ അവർക്കുള്ളതിനേക്കാൾ വരുമാനം കുറച്ചുകാണിച്ചുകൊണ്ട് സർക്കാരിൽനിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ തട്ടിയെടുക്കാൻ ശ്രമിക്കുന്നുണ്ടെന്നുള്ള ആരോപണം ഒഴിവാക്കുന്നതിനുവേണ്ടി സത്യപ്രസ്താവന ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ 5 ശതമാനം, എങ്കിലും നിജസ്ഥിതി പരിശോധിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട് ഫീൽഡ് വെരിഫിക്കേഷൽ നടത്തണമെന്ന് ബോർഡിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലായിരിക്കണം ചിലപ്പോൾ പരിശോധിച്ചിട്ടുണ്ടാവുക. ഏതായാലും ആ പരാതി കിട്ടിയപ്പോൾ അതിന്റെ നിജസ്ഥിതി പരിശോധിക്കണമെന്ന് ബന്ധപ്പെട്ട ഡിസ്ട്രിക്ട് സപ്ലൈ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ പരാതി പരിശോധിക്കുന്നതിനുമുൻപ് ഇതുമായി ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടറെ പെരിന്തൽമണ്ണ താലൂക്കിൽനിന്നും ഏറനാട് താലൂക്കിലേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്. അതിന്റെ പേരിൽ ശിക്ഷാനടപടികളോ മറ്റെന്തെങ്കിലുമോ എടുക്കണമെങ്കിൽ ഇതുസംബന്ധിച്ച ആരോപണം ശരിയാണെന്ന് കണ്ടെത്തിയാൽ മാത്രമേ കഴിയുകയുള്ളൂ.

(14) കോട്ടയം ട്രാവൻകൂർ സിമന്റ്സിലെ തൊഴിലാളികളുടെ പ്രശ്നം

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, നമ്മുടെ പ്രധാനപ്പെട്ട ഒരു ഫാക്ടറിയാണ് ഗവൺമെന്റ് ഉടമയിലുള്ള നാടുകം ട്രാവൻകൂർ സിമന്റ് ഫാക്ടറി. അവിടത്തെ തൊഴിലാളി യൂണിയനുകളെല്ലാം ചേർന്ന് കൊണ്ടുള്ള ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി ഉണ്ടാക്കി അവർ ഗവൺമെന്റിലേക്ക് സംയുക്തമായി ഒരു മെമ്മോറാണ്ടം സമർപ്പിച്ചു. പത്തിരുപത്തി മൂന്ന് അഴിമതിയാരോപണങ്ങളാണ് കമ്പനിയെ സംബന്ധിച്ച് അവർ ആ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിട്ടുള്ളത്. അതിൽ എം. ഡി. പറഞ്ഞിട്ടുള്ള കാര്യങ്ങൾ തൊട്ട് അതിൽ യൂണിയനുകളുടെ ചുമതലയടക്കമുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മെമ്മോറാണ്ടമാണ് ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുള്ളത്. അതിൽ അവർ പറയുന്നത് ''300 ലക്ഷം രൂപയുടെ ലാഭസാദ്ധ്യതയും വമ്പിച്ച വികസന സാദ്ധ്യതയുമുള്ള വെള്ള സിമന്റ് വ്യവസായത്തെ അഴിമതിയുടെ ക്യാൻസർ നശിപ്പിക്കുന്നു'' എന്നുപറഞ്ഞുകൊണ്ടാണ് കൊടുത്തിരിക്കുന്നത്. ഈ പ്രശ്നം സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് പ്രതിപക്ഷനേതാവ് ഒരു സബ്മിഷൻ ഈ സഭയിലുന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അതേക്കുറിച്ച് അന്വേഷിച്ച് നടപടി എടുക്കാമെന്ന് അന്നു പറഞ്ഞിരുന്നു. പക്ഷേ അക്കാര്യത്തിൽ വേണ്ടത്ര നടപടി ഉണ്ടായിട്ടുള്ളതായി അവിടത്തെ യൂണിയനുകൾക്കോ മറ്റുള്ളവർക്കോ മനസ്സിലാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടില്ല. അവർ പറഞ്ഞിട്ടുള്ള ആരോപണങ്ങളുടെ കോപ്പി ഞാൻ എന്റെ കത്തുസഹിതം ബഹുമാനപ്പെട്ട മന്ത്രിക്ക് തരാം. സിമൻറ് ഉദ്പാദനത്തിൽ പ്രതിവർഷം ഒന്നരക്കോടി രൂപയുടെ സാമ്പത്തിക നഷ്ടവും സർക്കാരിന് രണ്ടുകോടി രൂപയുടെ നികുതി ചോർച്ചയും സൃഷ്ടിക്കുന്ന ഒരു വലിയ അഴിമതിയാണ് നടന്നിട്ടുള്ളത് എന്ന് അവർ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അതിൽ രണ്ടുകാര്യം മാത്രം ഞാനിവിടെ പറയുകയാണ്. ഒന്ന് വടക്കേയിൻഡ്യയിൽ നമ്മുടെ വെള്ള സിമൻറിന് നല്ല മാർക്കറ്റാണ്. നല്ല മാർക്കറ്റ് അന്യ സംസ്ഥാനങ്ങളിൽ വെള്ളസിമൻറിന് ഉണ്ടാക്കുവാൻവേണ്ടി 30,000 ഉറുപ്പിക ഒരു ലോഡിന് കുറച്ചാണ് ഇൻഡ്യയിലെ മറ്റുചില സംസ്ഥാനങ്ങളിലേക്ക് സിമൻറ് വിൽക്കുന്നത്. പക്ഷേ അത് ഉപയോഗപ്പെടുത്തിക്കൊണ്ട് 35 സ്റ്റോക്കിസ്റ്റുകൾ, ഇല്ലാത്ത സ്റ്റോക്കിസ്റ്റുകൾ ഉണ്ടെന്ന് വരുത്തി, അവർക്ക് സിമൻറ് വിറ്റതായിട്ട് രേഖകൾ ഉണ്ടാക്കി, സിമൻറ് വിറ്റത് തമിഴ്നാട്ടിലും, കേരളത്തിലുമാണ്, അങ്ങനെ ഓരോ ലോഡ് വെള്ള സിമൻറിനും ഏതാണ്ട് 80,000 ഉറുപ്പിക വീതം കമ്മീഷൻ ഇനത്തിൽ അടിച്ചിട്ടുമുണ്ട് അതിന്റെ വിൽപ്പനക്കാർക്ക്. അങ്ങനെ ഓരോ ലോഡിനും കിട്ടിയിട്ടുള്ള ഈ കമ്മീഷൻ ഈ 35 സ്റ്റോക്കിസ്റ്റുകൾക്ക് കൊടുത്തതിന്റെ ഫലമായി കോടിക്കണക്കിനു രൂപയുടെ നഷ്ടം കമ്പനിക്ക് വരുത്തിയിരിക്കുകയാണ്. എന്നാൽ സെൻട്രൽ എക്സൈസുകാർ ഇത് കണ്ടുപിടിച്ച് 11.19 ലക്ഷം രൂപയുടെ ഡ്യൂട്ടി അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ തുക സ്റ്റോക്കിസ്റ്റുകളിൽനിന്നും ഈടാക്കണമെന്നാണ് പറയുന്നത്. എന്നാൽ ഈ തുക ഈടാക്കണമെങ്കിൽ ആ സ്റ്റോക്കിസ്റ്റുകൾ ജനിച്ചെങ്കിൽ മാത്രമേ അവരുടെ പക്കൽനിന്നും ആ തുക ഈടാക്കാനൊക്കൂ. എന്നാൽ ഇല്ലാത്ത 35 സ്റ്റോക്കിസ്റ്റുകൾക്കാണ് ഇങ്ങനെ വെള്ളസിമൻറ് വിതരണം ചെയ്തിട്ടുള്ളത് എന്നതാണ് വസ്തുത. അപ്പോൾ അവർ ചൂണ്ടിക്കാണിച്ച സ്റ്റോക്കിസ്റ്റുകൾ ആരൊക്കെയാണെന്ന് കണ്ടുപിടിച്ച് അവരുടെമേൽ നടപടി എടുക്കണം. ഇതിന്റെ ഫലമായി തൊഴിലാളികളുടെ ആക്ഷേപം അവർക്ക് 20 ശതമാനം ഇൻസെൻറീവ് കിട്ടേണ്ടതേ ഇത്തരത്തിൽ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നുവെന്നാണ്. രണ്ടാമതുള്ള ഒരാക്ഷേപം കൂടുതൽ സിമൻറ് നല്ല ചെലവുള്ള സമയത്ത് വെള്ളസിമൻറിനുവേണ്ടി ആളുകൾ ക്യൂ നിൽക്കുന്ന സമയത്ത് ലക്ഷ്മി എന്നു പറയുന്ന ഒരു സ്റ്റോക്കിസ്റ്റിന് 7 ലക്ഷം രൂപയോളം സ്പെഷ്യൽ ഡിസ്ക്കൗണ്ട് നൽകി, അവർക്ക് ഈ സിമൻറ് വിറ്റു എന്നാണ്. ആ രീതിയിൽത്തന്നെയാണ് വലിയ നഷ്ടം ഉണ്ടാക്കിയിട്ടുള്ളതെന്നാണ് അവരുടെ ആക്ഷേപം. ഇതുപോലുള്ള നഷ്ടം വരുത്തിയ ദാരോ കേസ്സും എടുത്ത് അവർ കൊടുത്തിട്ടുള്ള മെമ്മോറാണ്ടത്തിൽ പറഞ്ഞ എം. ഡി..യുടെ വിശദീകരണവും മറുപടിയും കേട്ട് യൂണിയനു അതിനുള്ള സംവിധാനം എന്നുള്ള നിലയ്ക്കും ഇതെല്ലാംകൂടി ചേർത്ത് തയ്യാറാക്കിയിട്ടുള്ള ഒരു മെമ്മോറാണ്ടമാണ്. ഞാൻ അത് അങ്ങേക്ക് സമർപ്പിക്കാം. അങ്ങ് മുൻപ് ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി എടുക്കാമെന്ന് പറഞ്ഞിരുന്നതാണ്. അത് എന്താണെന്നറിഞ്ഞാൽ തരക്കേടില്ല. പക്ഷേ യൂണിയനുകളെ സംബന്ധിച്ചിടത്തോളം അവിടെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല എന്നാണ് അവരുടെ ആക്ഷേപം. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ സമർത്ഥമായിട്ടുള്ള നടപടി എടുത്ത് അവിടെ തെറ്റുചെയ്തിട്ടുള്ള ഉദ്യോഗസ്ഥൻമാരുണ്ടെങ്കിൽ അവരുടെമേൽ നടപടി എടുക്കണം, ഈ ഫാക്ടറിയെ രക്ഷിക്കാൻ ഗവൺമെൻറ് തയ്യാറാവണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും മുനിസിപ്പാലിറ്റീസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ഈ പ്രശ്നം, അദ്ദേഹം ഉന്നയിച്ച അന്നുതന്നെ അതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞിരുന്നു, അതേ വിഷയം തന്നെയാണ് ബഹുമാനപ്പെട്ട മെമ്പർ ഇപ്പോഴും ഇവിടെ പറഞ്ഞത്. എന്നാൽ ഞാൻ അന്നുപറഞ്ഞിരുന്ന എല്ലാ നടപടിയും അക്കാര്യത്തിൽ എടുത്തു. അന്നത്തെ സംവിധാനംതന്നെ മാറ്റി. ഈ പ്ലാന്റിനെക്കുറിച്ച് പറയുന്ന ആ കമ്പനിയെയിന്റിൽ പ്രധാനമായും പറയുന്നത് അവിടത്തെ സെയിൽസ് ടാക്സ് വെട്ടിപ്പിനെക്കുറിച്ചാണ്. ഇൻസെന്റീവ് എന്നുള്ള നിലയ്ക്ക് മറ്റു സംസ്ഥാനങ്ങളിലേക്ക് വെള്ള സിമന്റ് വിൽക്കുമ്പോൾ അതിന് വില കുറച്ച് കൊടുക്കും. അത് ഇവിടെത്തന്നെ വിറ്റ് സെയിൽസ് ടാക്സ് വെട്ടിപ്പ് നടത്തുന്നു എന്നുള്ളതാണ് പരാതി. അന്നത്തെ ആ നടപടിക്കുശേഷം ഒരൊറ്റ കമ്പനിയെയിന്റും ഇതുപോലെ ഉണ്ടായിട്ടില്ല. അന്നുണ്ടായിരുന്ന സെയിൽസ് സംവിധാനം അപ്പാടെ മാറ്റി. അത് ഒരു ഉദ്യോഗസ്ഥന്റെ കീഴിൽ ഉണ്ടായിരുന്നത് മാറ്റി. അവിടെ ഒരു ബോർഡുണ്ട്. സെയിൽസിന്റെ ഉത്തരവാദിത്വം ഒരു സബ് കമ്മിറ്റിയുടെ കീഴിലായി. അതിനുശേഷം പിന്നെ ഒരൊറ്റ പരാതിയും ഉണ്ടായിട്ടില്ല. പിന്നെ തൊഴിലാളികൾ പറഞ്ഞ അവരുടെ പരാതികളുണ്ട്. തൊഴിലാളികൾ പറഞ്ഞ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനായിട്ടും അവയെക്കുറിച്ച് അന്വേഷിക്കാനുമായിട്ട് ഒരു സംവിധാനമുണ്ടാക്കിയിരുന്നു. അന്വേഷണ റിപ്പോർട്ടിനെ സംബന്ധിക്കുന്ന വിവരങ്ങൾ ഞാൻ ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാം. അത് ഇന്നലെ കിട്ടിയതേയുള്ളൂ. അതുകൊണ്ട് വിശദമായി അതിൽ എന്തായിരുന്നു എന്നു പറയാൻ എന്റെ പക്കൽ രേഖയില്ല. അതുകൊണ്ട് ഞാൻ അക്കാര്യം മെമ്പറെ അറിയിക്കാം. പിന്നെ ഇൻസെന്റീവിനെക്കുറിച്ച് തൊഴിലാളികൾക്ക് പരാതിയുണ്ടെന്നും പറഞ്ഞു, പക്ഷേ ആ പറയുന്നതിൽ കഴമ്പുണ്ടെന്നും പറയാനാവില്ല. കാരണം കമ്പനി അതിന്റെ പ്രോഫിറ്റിൽ ഒരു സർവ്വകാല റിക്കാർഡിലാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. അങ്ങനെ കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ലാഭത്തിൽ നിൽക്കുന്ന സമയത്ത് തൊഴിലാളികൾക്ക് ഇൻസെന്റീവ് നഷ്ടപ്പെടുന്നു എന്നു പറയുന്നതിൽ അർത്ഥമുണ്ടെന്നും തോന്നുന്നില്ല. അവരുടെ ഇൻസെന്റീവ് അവിടെ സെയിൽസ് ടാക്സ് വെട്ടിപ്പ് നടത്തിയതിന്റെ പേരിൽ നഷ്ടപ്പെടുമെന്നും എനിക്ക് തോന്നുന്നില്ല. എന്നാൽ അവരുടെ ഇൻസെന്റീവ് നഷ്ടപ്പെട്ടുവെന്നും അവർക്ക് പരാതിയുണ്ടെങ്കിൽ അതിനു വേണ്ട നടപടിയെടുക്കാൻ ഞാൻ തയ്യാറാണ്. അത് അവരുമായി ചർച്ച ചെയ്തും എന്താണെന്നുവച്ചാൽ തീരുമാനിക്കാം. അന്നത്തേത് പഴയ പരാതിയാണ്. അതിൽ നടപടിയെല്ലാം എടുത്തു കഴിഞ്ഞു. ഇനി എന്താണ് അവർക്ക് വേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് അവരുമായി സംസാരിച്ചതിനുശേഷം ആവശ്യമായ നടപടികളും കർശനമായും എടുക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(15) കൈത്തറി വ്യവസായരംഗത്തെ പ്രശ്നങ്ങൾ

ശ്രീ. പിണറായി വിജയൻ: സർ, കൈത്തറിത്തൊഴിലാളികൾ ഇന്ന് സംസ്ഥാന വ്യാപകമായി ഒരു പ്രക്ഷോഭണം നടത്തുകയാണ്. കൈത്തറി തൊഴിലാളികളെക്കുറിച്ച് പറയുമ്പോൾ രണ്ടു വിഭാഗമായിട്ടാണ് അവരുടെ പ്രശ്നങ്ങൾ വരുന്നത്. ഒന്ന് മിനിമം വേജസ് കൈത്തറി വ്യവസായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly